# ഉയിർപ്പുക്കാലം

## വചന വിചിന്തനം

### രണ്ടാം ഞായർ

യോഹ 20,19-29

***"മുറിവുകളെ തിരുമുറിവുകളാക്കാനും, തിരുമുറിവുകളെ തിരുശേഷിപ്പുകളാക്കാനും സാധിക്കുന്നവർക്ക് ലഭിക്കുന്ന അനുഗ്രഹമാണ് ക്രിസ്തുവനുഭവം!"***

ലോകം കണ്ടിട്ടുള്ള സാഹിത്യക്കാരൻമാരിൽ മഹാനായ സാഹിത്യക്കാരനാണ് കാൽവിൻ മില്ലർ. ഇദ്ദേത്തിന്റെ മനോഹരമായ കാവ്യങ്ങളിൽ ഒന്നാണ് "ഗായകൻ" (The Singer). ഇതിന്റെ ഇതിവൃത്തം സഹനവും മരണവും ഉത്ഥാനവുമായ് ഏറെ ബന്ധപ്പെട്ട് കിടക്കുന്ന ഒന്നാണ്.

ശത്രുക്കളുടെ കരങ്ങളാൻ ക്രൂരമായ് സഹനത്തിലേയ്ക്കും അതുവഴിയായ് മരണത്തിനും ഏൽപ്പിച്ചുകൊടുക്കപ്പെടുകയാണ് കഥയിലെ നായകനായ ഗായകൻ. പക്ഷെ, ശത്രുക്കളുടെയെല്ലാം വിചാരങ്ങൾക്ക് അതീതനായ് ഗായകൻ അൽഭുതകരമായ് ഉയർത്തെഴുന്നേൽക്കുകയാണ്. മരിച്ച് പുനഃർജ്ജീവിച്ച ഗായകൻ കർത്താവിന്റെ തിരുസന്നിധിയിൽ പോയി തിരിച്ച് വന്നതിനാൽ അഭൗമികമായ ശക്തികൾക്ക് ഉടയോനാവുകയാണ്. ക്രിസ്തുവിനെപ്പോലെ രോഗികളെ സുഖപ്പെടുത്താനും, അൽഭുതങ്ങൾ പ്രവർത്തിക്കാനും, മരിച്ചവരെ ഉയർപ്പിക്കാനും, പ്രശ്നങ്ങൾ പരിഹരിക്കാനും, താനുമായ് സമ്പർക്കത്തിൽ വരുന്നവർക്ക് സമാധാനവും സമാശ്വാസവും സമ്മാനിക്കാനും ഈ ഗായകൻ ശക്തി സ്വന്തമാക്കുകയാണ്. അദ്ദേഹത്തിന്റെ കരമൊന്ന് ഉയർത്തിയാൽ മതി അശാന്തിയുടെ കിരണങ്ങൾ മാറ്റപ്പെടുകയാണ്. അദ്ദേഹത്തിന്റെ അധരമൊന്ന് അനങ്ങിയാൽ മതി കാറ്റുപോലും നിശബ്ദമാകുന്നു. ഒരു അഭൗമികമായ ആനന്ദം അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ജനങ്ങൾക്ക് സമ്മാനിക്കുന്നു.

*"എന്റെ കർത്താവേ..' ഇനി ദൈവം മാത്രം ആശ്രയം എന്നുള്ളവന്റെ നിലവിളിയാണ് ഇത്. ഈ കരച്ചിൽ ഒരു തിരിച്ചറിവാകണം!*

പക്ഷെ, ഇതിന്റെ പിന്നാമ്പുറത്ത്, കഥയിലെ നായകനായ ഗായകൻ അനുഭവിക്കും വലിയ വേദനയുണ്ട്. മറ്റുള്ളവർക്ക് സൗഖ്യം നൽകുന്ന ഗായകന് തന്റെ മരണനേരത്ത് ശത്രുക്കൾ ഏൽപ്പിച്ച മുറിവുകളെ ഒരിക്കലും ഉണക്കാൻ, സൗഖ്യപ്പെടുത്താൻ സാധിച്ചിരുന്നില്ല. രോഗികളെ സുഖപ്പെടുത്താൻ കരങ്ങൾ ഉയർത്തുമ്പോഴും, നന്മയുടെ സുവിശേഷം പങ്കുവയ്ക്കാൻ അധരമനക്കുമ്പോഴും ശത്രുക്കൾ ഏൽപ്പിച്ച മുറിവുകളിൽ നിന്ന് രക്തം കിനിഞ്ഞ് ഇറങ്ങുമായിരുന്നു. തന്റെ ഉണങ്ങാത്ത മുറിവുകളുമായ് തന്നെ വേദനിപ്പിച്ചവർക്കും തന്റെ മരണം ആഗ്രഹിച്ചിരുന്നവർക്കും സൗഖ്യം സമ്മാനിക്കുമ്പോൾ സകലരും കണ്ടിരുന്നു മുറിപ്പാടുകളിലൂടെ രക്തം ഒലിച്ചിറങ്ങുന്നത്.

ഒരു ദിവസം തന്നെ സുഖപ്പെടുത്തിയ അൽഭുതഗായകനോട് സൗഖ്യം സ്വന്തമാക്കിയ പെൺകുട്ടി ചോദിക്കുന്നു; "എല്ലാവർക്കും സൗഖ്യം സമ്മാനിക്കുന്ന അങ്ങുമാത്രമെന്താ അങ്ങയുടെ മുറിവുകൾ ഉണക്കാത്തെ? അങ്ങേയ്ക്കുമാത്രമെന്താ സൗഖ്യം കിട്ടാത്തെ?"

ഗായകൻ തിരിച്ച് മറുപടി പറയുകയാണ്; "ദൈവം കാട്ടിയ സ്നേഹത്തിന്റെ തിരുശേഷിപ്പുകളാണ് ഈ മുറിവുകൾ. ഈ മുറിവുകൾ ഒരിക്കലും ഉണങ്ങാൻ പാടില്ല. കാരണം, മുറിവേറ്റ കരത്തിനെ മുറിവുണക്കാൻ സാധിക്കു. ഈ മുറിവുകൾ ഒരുപാട് ഓർമ്മകൾ എനിക്ക് സമ്മാനിക്കുന്നുണ്ട്. എന്റെ ഭൂതകാലത്തിലെ എന്റെ സഹനങ്ങൾ, കണ്ണുനീരുകൾ, വെറുപ്പുകൾ, തെറ്റിധരിക്കലുകൾ... ഓരോ പ്രാവശ്യം കരങ്ങളുയർത്തുമ്പോഴും ഇത്തരം ഓർമ്മകൾ എന്നിലേയ്ക്കു വരും. പിന്നെ, സൗഖ്യമല്ലാതെ മറ്റൊന്നും എനിക്ക് സമ്മാനിക്കാൻ തോന്നില്ല!"

മുറിവേറ്റവനെ മുറിവുണക്കാൻ സാധിക്കു! ക്രിസ്തു മുറിവേറ്റവനാണ്. അവൻ

മുറിവുണക്കുകയാണ് തോമയുടെ. ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ നേരിട്ട് അനുഭവിച്ചറിയാൻ സാധിച്ചില്ല എന്നത് തോമയുടെ ജീവിതത്തിലെ വലിയ മുറിവുകളിൽ ഒന്നായ് അവശേഷിക്കുമ്പോൾ അവൻ ശിഷ്യസമൂഹത്തിന്റെ മുമ്പിൽ പ്രസ്താവിക്കുകയാണ്, "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും, അവയിൽ എന്റെ വിരൽ ഇടുകയും, അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല" (യോഹ 20,25). ഇത് സംശയം എന്നതിനേക്കാൾ ഉപരി പിടിവാശിയാണ്. "എന്തേ, ഞാനും അവന്റെ ശിഷ്യനല്ലേ? മൂന്ന് വർഷം മറ്റ് ശിഷ്യരെപ്പോലെ ഞാനും ഗുരുവിന്റെ ഊണിലും ഉറക്കത്തിലും കൂട്ടുകൂടിയവനല്ലേ? മറ്റ് ശിഷ്യൻമാർ പേടിയോടെ ഗുരുവിനെ പലപ്പോഴും പിന്തിരിപ്പിച്ചപ്പോഴും ധൈര്യപൂർവ്വം അനുഗമിക്കാൻ ഞാൻ മാത്രമല്ലേ ഉണ്ടായിരുന്നത്. എന്നിട്ടും, എനിക്ക് മാത്രം ഉത്ഥിതനായ ഈശോയുടെ ദർശനമില്ല. സമ്മതിക്കില്ല! അവൻ ഉയർത്തെഴുന്നേറ്റെങ്കിൽ എന്റെ മുമ്പിൽ വരണം. വിശ്വാസത്തിന്റെ പൂർണത സമ്മാനിക്കുന്ന അവന്റെ ദർശനം എനിക്ക് വേണം. അവന്റെ തകർക്കപ്പെട്ട കരങ്ങളും പാദങ്ങളും തുളയ്ക്കപ്പെട്ട ഹൃദയവും എനിക്ക് കാണണം." ശാഠ്യവും വിശ്വാസവും ഗുരുവിനോടുള്ള സ്നേഹവും തോമയിൽ മുഴച്ച് നിൽക്കുന്നു. തോമയുടെ ജീവിതം ധന്യമാക്കുന്ന രണ്ട് ചിന്തകൾ ആത്മപരിശോധനയ്ക്ക് വിധേയമാക്കണം.

"ദൈവാനുഭവത്തിന്റെ അഭാവമാണ് ഭയം!' ഈ ഭയപ്പാടുള്ളവർ കതകടച്ചിരിക്കുന്നു. എന്നാൽ, കർത്താവിന്റെ മുറിവിന്റെ ആഴം അറിഞ്ഞവൻ അതു പ്രഘോഷിക്കാൻ മൈലുകൾ താണ്ടുന്നു...

**1. വിശ്വാസജീവിതത്തിൽ തോമയെപ്പോലെ എന്തുമാത്രം നിർബന്ധബുദ്ധി, ശാഠ്യം നമുക്കുണ്ട്?** വൈകുന്നേരങ്ങളിൽ അമ്മ ജപമാല ചൊല്ലാൻ വിളിക്കുമ്പോൾ "അഞ്ചുമിനിറ്റ്..." എന്ന് പറഞ്ഞ് സമയം മുന്നോട് നീക്കി അവസാനം പ്രാർത്ഥചൊല്ലാതെ ഭക്ഷണം തരില്ല എന്നു പറയുമ്പോൾ, പ്രാർത്ഥന ഒരു കാട്ടികൂട്ടലായ് ഭക്ഷണത്തിന് മുമ്പിൽ ചടഞ്ഞിരിക്കുമ്പോൾ ചോദിക്കേണ്ട ചോദ്യം ഇതു തന്നെയാണ്, "വിശ്വാസത്തിന്റെ കാര്യത്തിൽ എനിക്ക് എന്തുമാത്രം നിർബന്ധബുദ്ധിയുണ്ട്?" ഞായറാഴ്ച്ച പള്ളിയിൽ പോകുന്ന കാര്യത്തിലും, ഏറ്റവും അവസാന വരിയിൽ മുട്ടുകുത്തുമ്പോഴും, കോണിമൂലയിൽ ചടഞ്ഞിരിക്കുമ്പോഴും ചോദിക്കേണ്ട ചോദ്യം ഇതു തന്നെയാണ്, "വിശ്വാസത്തിന്റെ കാര്യത്തിൽ എനിക്ക് എന്തുമാത്രം നിർബന്ധബുദ്ധിയുണ്ട്?" കൃത്യതയോട് കൂടി ജോലിസ്ഥലങ്ങളിലും ആഘോഷങ്ങളിലും എത്തുമ്പോഴും ഒരഞ്ച്മിനിറ്റ് നേരം വൈകി പള്ളിയിലും പ്രാർത്ഥനയ്ക്ക് എത്തിയാലും സാരമില്ല എന്നു കരുതുമ്പോഴും ചോദിക്കേണ്ട ചോദ്യം ഇതു തന്നെയാണ്, "വിശ്വാസത്തിന്റെ കാര്യത്തിൽ എനിക്ക് എന്തുമാത്രം നിർബന്ധബുദ്ധിയുണ്ട്?" "ഈശോയെ അനുഭവിക്കണം" എന്നുള്ള നിർബന്ധബുദ്ധി തോമയെപ്പോലെ നാം സ്വന്തമാക്കേണ്ടിയിരിക്കുന്നു.

**2. തോമയെപ്പോലെ വിശ്വാസം പരസ്യമായ് പ്രഘോഷിക്കാനുള്ള തന്റേടം നിനക്കുണ്ടോ?** ക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞ തോമ പറഞ്ഞത് ഒന്നുമാത്രം. അതിൽ തോമയുടെ എന്നുമാത്രമല്ല ക്രിസ്തുവിൽ വിശ്വസിക്കുന്ന സകലരുടെയും വിശ്വാസം ഉൾക്കൊണ്ടിരുന്നു. "എന്റെ കർത്താവേ, എന്റെ ദൈവമേ!" (യോഹ 20,28). ഇതിൽ പരം ഒരു വിശ്വാസപ്രഘോഷണം ഒരു ക്രിസ്ത്യാനിക്ക്, ക്രിസ്തുശിഷ്യനുണ്ടോ? ഇതൊരു പ്രാത്ഥന എന്നതിനേക്കാൾ ഒരു നിലവിളിയാണ്. "എന്റെ കർത്താവേ, എന്റെ ദൈവമേ! ഇനി നീ മാത്രമാണ് എന്റെ അഭയം."

നമ്മളും അറിഞ്ഞും അറിയാതെയും വിശ്വാസ പ്രഘോഷണം നടത്താറുണ്ട്. എപ്പോഴാണ് എന്നുള്ളതാണ് കൗതുകമുണർത്തുന്നത്. തിരക്കിട്ട വീഥിയിലൂടെ യാത്ര ചെയ്യുമ്പോൾ എതിരെ വരുന്ന വാഹനം ഇടിക്കാൻ വരുമ്പോൾ വിളിക്കുന്നത് ഒന്നുമാത്രമാണ്, "എന്റെ കർത്താവേ....." അറിയാതെ വിളിക്കുന്നതാണെങ്കിലും അർത്ഥം വയ്ക്കുന്നത് എന്തുവാ, "എന്റെ കർത്താവേ, ഇനി നീ മാത്രം അഭയം. ഇനി എനിക്ക് പ്രവർത്തിക്കാനില്ല, നീ പ്രവർത്തിക്കണം. എന്നാൽ മാത്രമെ ഞാൻ മരണത്തിൽ നിന്ന് രക്ഷപ്പെടു എന്ന്!" സകല കച്ചിതുരുമ്പുകളും നഷ്ടപ്പെടുമ്പോൾ മരണത്തെ മുഖാമുഖം കാണുമ്പോൾ കർത്താവിനെ അഭയം തേടുന്നതിന് പകരം അപകടം സംഭവിക്കുന്നതിന് മുമ്പ്

അവയെ ഒഴിവാക്കാൻ കർത്താവിനെ അഭയശിലയാക്കിക്കൂടെ? സങ്കീർത്തനം ഓർമ്മ പ്പെടുത്തുന്നു, "കർത്താവിൽ ആശ്രയിക്കുന്നവർ നീർച്ചാലിനരികെ നട്ടതും യഥാക്കാലം ഫലം തരുന്നതും ഇല പൊഴിയാത്തതുമായ വൃക്ഷം പോലെയാണ്" (സങ്കീ 1,3).

വിശ്വാസം ഈ ലോകത്തിന് എതിരെ നടക്കാനുള്ള വിളിയാണ്. ക്രിസ്തുവിലുള്ള നിന്റെ വിശ്വാസത്തെ പ്രഘോഷിക്കുമ്പോൾ ഞാൻ ഈ ലോകത്തിന് എതിരെ നടക്കാമെന്നാണ് വാഗ്ദാനം ചെയ്യുന്നത്. 'അബോർഷൻ' നിയമത്തിന്റെ സാധുത നിനക്ക് രാഷ്ട്രം സമ്മാനിക്കുന്നുണ്ടാകാം. പക്ഷെ, നീ കത്തോലിക്കനാണെങ്കിൽ ക്രിസ്തുവിന്റെ നിയമമാണ് നിന്നെ ഭരിക്കേണ്ടത്. എല്ലവരും കോപ്പിയടിക്കുന്നു. അതുകൊണ്ട്, ഞാനും കോപ്പിയടിക്കുന്നു. ഇത് വിശ്വാസിക്ക് യോജിച്ചതല്ല! നിന്റെ വിശ്വാസത്തിന് സാക്ഷ്യം നൽകണമെങ്കിൽ നീ ചെയ്യേണ്ടത്, "തിന്മ നിറഞ്ഞ ലോകത്തിൽ ക്രിസ്തുവിനെപ്പോലെ, 'നിങ്ങളിൽ ആർക്ക് എന്നിൽ കുറ്റമാരോപിക്കാൻ സാധിക്കും?' എന്നു ചോദിക്കാനുള്ള ആർജ്ജവത്വം സ്വന്തമാക്കുക" എന്നുള്ളതാണ്.

ഈ അടുത്ത് ഒരു സഹോദരൻ വന്ന് പറഞ്ഞത് ഓർക്കുന്നു. "അച്ചാ, ഞാൻ ഗവൺമെന്റ് ജോലിക്കാരനാണ്. അച്ചൻ എനിക്കുവേണ്ടി പ്രാർത്ഥിക്കണം" എനിക്ക് കൗതുകമായ്. ഞാൻ തിരിച്ചുചോദിച്ചു; "അതെന്താ, ഗവൺമെന്റ് ജോലി അത്രയ്ക്ക് മോശമാണോ?" അദ്ദേഹം ചിരിച്ചുകൊണ്ട് തിരിച്ചുപറയുകയാണ്, "അതല്ലച്ചാ, ഓഫീസിൽ എല്ലാവരും കൈക്കൂലിക്കാരാണ്. കൈക്കൂലി ലഭിച്ചാൽ മാത്രമാണ് ഫയൽ ഒരു മേശയിൽ നിന്ന് അപ്പുറത്തെ മേശയിലേയ്ക്ക് പോകു. പക്ഷെ, ഞാൻ കൈക്കൂലി വാങ്ങില്ല. അതിനാൽ, മറ്റുള്ളവർ എന്നെ ശത്രുവിനെപ്പോലെയാണ് പരിഗണിക്കുന്നത്. അതുകൊണ്ടാ ഞാൻ പറഞ്ഞത്, എനിക്ക് വേണ്ടി പ്രാർത്ഥിക്കണമെന്ന്!" വിശ്വാസം പ്രഘോഷിക്കാൻ ത്യാഗങ്ങൾ ഏറ്റെടുക്കണം. തോമായ്ക്ക് വിശ്വാസത്തിന്റെ അനുഭവമുണ്ടായപ്പോൾ ആ വിശ്വാസം പ്രഘോഷിക്കാൻ ആയിരക്കണക്കിന് മൈലുകൾ താണ്ടി ഭരതമണ്ണിൽ കാൽകുത്തി. വിശ്വാസം ഒരു ഇടുത്തുചാട്ടമാണ്. ക്രിസ്തുവിലേയ്ക്കുള്ള.... അവന്റെ സഹനങ്ങളിലേയ്ക്കുള്ള...

"മുറിവുകൾ നാവുകളേക്കാൾ വാചാലമാണ്!" പ്രിയപ്പെട്ടവർക്കുവേണ്ടി സഹിച്ചതിന്റെ മുറിപ്പാടുകൾ കാട്ടാൻ സാധിക്കുന്നവർക്കുള്ള ഇടം പിന്നെ മനസിലല്ല. മറിച്ച്, ഹൃദയത്തിലാണ്. ഈശോയുടെ കുരിശിലെ ദാരുണമായ മരണത്തിൽ മനസ് തകർന്ന് ഹൃദയം പിളർന്ന് ശിഷ്യൻമാർ കതകടച്ചിരിക്കുന്നു. ക്രിസ്തുവിനെ കാണാതെ, അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും, അവയിൽ എന്റെ വിരൽ ഇടുകയും, അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ ഞാൻ അവനിൽ വിശ്വസിക്കുകയില്ല എന്ന് പറഞ്ഞ് തോമാ. അവർക്കിടയിലേയ്ക്കാണ് ക്രിസ്തു തന്റെ സമാധാനം സമ്മാനിക്കാൻ കടന്നു വരുന്നത്. അടഞ്ഞ വാതിലുകൾ അവരുടെ മുറിയുടെ വാതിലുകൾ മാത്രമല്ല, മറിച്ച്, അവരുടെ ഹൃദയവും അടഞ്ഞിരുന്നതിനെയാണ് സൂചിപ്പിക്കുന്നത്. പക്ഷെ, ക്രിസ്തു സമാധാനം സമ്മാനിക്കുന്നതിനോടൊപ്പം കാണിച്ച, തകർക്കപ്പെട്ട കരങ്ങളും, മുറിവേൽപ്പിക്കപ്പെട്ട പാദങ്ങളും, തുളയ്ക്കപ്പെട്ട ചങ്കും ആഴത്തിലുള്ള വിശ്വാസത്തിലേയ്ക്കു എന്നതുപോലെ അനുതാപത്തിലേയ്ക്കും ശിഷ്യരെ നയിക്കുകയാണ്. അവിടെ "മുറിവ് നാവിനേക്കാൾ വാചാലമായ്." പിന്നെ, ക്രിസ്തുവിന്റെ മുറിവ് സംസാരിക്കുകയാണ്, "മുറിയാൻ മനസ്സിലാത്തവർക്ക് രക്ഷകനാകാൻ സാധിക്കില്ലെന്ന്!" ഭാര്യ ഭർത്താവിനുവേണ്ടിയും, ഭർത്താവ് ഭാര്യക്കുവേണ്ടിയും മക്കൾ മാതാപിതാക്കൾക്കുവേണ്ടിയും, മാതാപിതാക്കൾ മക്കൾക്കുവേണ്ടിയും മുറിയണം. കാരണം, "മുറിവേൽക്കാതെ രക്ഷകനാകാൻ സാധിക്കില്ല!"

*ശിഷ്യൻമാർ ദർശനം കൊണ്ട് കർത്താവിനെ അനുഭവിക്കുമ്പോൾ തോമ മാത്രമാണ് കർത്താവിന്റെ മുറിവുകളുടെ ആഴം അറിഞ്ഞത്. ആ മുറിവുകളുടെ ആഴം അറിഞ്ഞവൻ അതിനെ കുറിച്ച് വാചാലനാകുന്നു!*

**"അവനോടൊപ്പം മരിക്കാൻ നമ്മുക്കും പോകാം."**

**യോഹ 11,16**

.....................................................................................................

ഫാ. ജോബി മേനോത്ത് : +91 944 7777 931